**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര കുടിശ്ശിക പിരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാട്ടർ അതോറിട്ടി വിതരണം ചെയ്യുന്ന വെള്ളത്തിന് ഈടാക്കുന്ന കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | **ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ 1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചിലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്.**<br><br>**ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ച് വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.**<br><br>**വൈദ്യുതി ചാർജ്ജ് ഇനത്തിൽ KSEB-ക്ക 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, PF ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ** |

| | | | |
|---|---|---|---|
| | | | **സാധിക്കും. ആയതിനാൽ വാട്ടർ ചാർജ് വർധനവ് ഒഴിവാക്കാൻ നിർവാഹമില്ല എന്ന് കാണുന്നു ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർധിപ്പിക്കുന്നതിനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചത്.** |
| (ബി) | ജല അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് പിരിഞ്ഞ് കിട്ടാനുള്ളതെന്ന് അറിയിക്കുമോ; ഇതിൽ സർക്കാർ ഓഫീസുകൾ, തദ്ദേശസ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ, ഗാർഹികേതര ഉപഭോക്താക്കൾ എന്നിവരുടെ കുടിശ്ശിക ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | **സംസ്ഥാനത്ത് വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള ആകെത്തുക 1591.80 കോടി രൂപ ആണ്.**<br>• **ഗാർഹികം -190.63 കോടി**<br>• **ഗാർഹികേതരം-133.09കോടി (സർക്കാർ പൊതുമേഖല ഒഴികെ )**<br>• **മറ്റുള്ളവ-79.84കോടി**<br>• **പൊതുമേഖല സ്ഥാപനങ്ങൾ :10. 57 കോടി**<br>• **സർക്കാർ ഓഫീസുകൾ :222.12 കോടി**<br>• **തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ: 955.55കോടി** |
| (സി) | വെള്ളക്കര കുടിശ്ശിക പിരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | **വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ല് അടക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതിപ്രകാരം വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശിക തീർക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർ റൂം എല്ലാ സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.**<br><br>**സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച് ജല വിഭവ വകുപ്പ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ** |

| | | | |
|---|---|---|---|
| | | | **ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ വാർ റൂമുകൾ പ്രവർത്തിച്ച് വരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടക്കാത്ത കണക്ഷനുകൾ വിഛേദിക്കുന്നതാണ്.** |
| (ഡി) | വിതരണത്തിനായി ഉൽപാദിപ്പിക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് വിതരണം ചെയ്യാൻ കഴിയുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | **കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 - 45% വരുമാനരഹിത ജലം ആയാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെ മറ്റും ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. പൈപ്പ് കണക്ഷനുകളുടെ ചോർച്ച മൂലം പ്രതിദിന വിതരണത്തിനായി തായ്യാറാക്കുന്ന വെള്ളത്തിന്റെ നഷ്ടം (ഭൗതിക നഷ്ടം) 20-25% വരെയാണ്.** |
| (ഇ) | പൈപ്പ് പൊട്ടിയും മറ്റും വെള്ളം പാഴാകുന്നത് തടയുന്നതിനും യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (ഇ) | **പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിങ് കോൺട്രാക്ടർ മുഖേനയും, ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗങ്ങൾ അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കി വരുന്നു. Aqualoom എന്ന സോഫ്റ്റ്‌വെയർ മുഖേന ലീക്കുകൾ രജിസ്റ്റർ ചെയ്യുകയും, അവ നന്നാക്കിയിട്ടുണ്ടോ എന്ന് കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ എല്ലാ ഡിവിഷനുകളിലും രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി അറ്റകുറ്റ പണി നടത്താത്ത റണ്ണിങ് കോൺട്രാക്ടർമാരിൽ നിന്നും പിഴ ഈടാക്കാറുണ്ട്. കൂടാതെ ജല നഷ്ടം ഒഴിവാക്കുന്നതിന് പ്രസ്തുത ലീക്ക് ബ്ലൂ ബ്രിഗേഡ് വഴിയോ അതോറിറ്റി നേരിട്ടോ അറ്റകുറ്റപ്പണി ചെയ്ത് പൂർത്തിയാക്കാറുണ്ട്.**<br><br>**സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തിയും, JJM, അമൃത്, KIIFB പോലുള്ള മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തിയും, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ